(ഇ) കൊല്ലം ജില്ലയിലെ ഒഴിവുകൾ 23-9-2003-ലും ആലപ്പുഴ ജില്ലയിലേത് 4-7-2005-ലും തൃശ്ശൂർ ജില്ലയിലേത് 26-9-2003-ലും കോഴിക്കോട് ജില്ലയിലേത് 18-7-2005-ലും മലപ്പുറം ജില്ലയിലെ ഒഴിവുകൾ 8-7-2005-ലും പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) എറണാകുളം കണ്ണൂർ ജില്ലകളിലെ റിപ്പോർട്ടുചെയ്യാത്ത ഓരോ ഒഴിവുകൾ പി. എസ്. സി. റിപ്പോർട്ടുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലാളി സമരങ്ങൾ

66 [2203] ശ്രീ. ടി. കെ. ദേവകുമാർ:
,, കെ. കെ. ജയചന്ദ്രൻ:
,, പി. ജയരാജൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൊഴിലാളി സമരങ്ങളോടുള്ള ഈ സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ;

(ബി) തൊഴിൽ സമരങ്ങൾക്ക് ആസ്പദമായ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക എന്ന സമീപനം സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ വിഭാഗം തൊഴിലാളികൾ സമരം നടത്തിവരുന്നു; തൊഴിലാളികളുടെ സമരംമൂലം ഇപ്പോൾ ഏതെങ്കിലും വ്യവസായ സ്ഥാപനം അടച്ചുപൂട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) തൊഴിൽ മേഖലയിൽ അനുരഞ്ജന ചർച്ചകളിലൂടെ സമരങ്ങൾക്ക് ആസ്പദമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് ഗവൺമെന്റിന്റെ സമീപനം.

(ബി) ഉണ്ട്.

(സി) സമരംമൂലം സംസ്ഥാനത്ത് ഒരു വ്യവസായ സ്ഥാപനവും ഇപ്പോൾ അടച്ചു പൂട്ടിയിട്ടില്ല. എല്ലാ സമരങ്ങളും സമരപ്രഖ്യാപനങ്ങളും അനുരഞ്ജന ചർച്ചയിലൂടെ പരിഹരിച്ചിട്ടുണ്ട്.

ഐ. ടി. മേഖലയിൽ തൊഴിലവസരങ്ങൾ

67 [2204] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒ. എ, ബി തലങ്ങളിലോ, സമാനയോഗ്യതകളിലോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവരുടെ എണ്ണം വെബ്സൈറ്റ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐ. ടി. മേഖലയിലെ തൊഴിൽദാതാക്കൾക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലെ ഡേറ്റാബേസ് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ കുറിച്ച് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഡാറ്റാബേസ് തൊഴിൽദായകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് ഇൻറർനെറ്റിൽ പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഡേറ്റാബേസ് അടങ്ങുന്ന വെബ്സൈറ്റ് 9-6-2004-ൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഐ. ടി. മേഖല ഉൾപ്പെടെയുള്ള സ്വകാര്യ തൊഴിൽദാതാക്കൾക്ക് ഈ വെബ്സൈറ്റിൽ നിന്നും ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ വിവരം ശേഖരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത ഡേറ്റാബേസ് 9-6-2004 മുതൽ ഇൻറർനെറ്റിൽ ലഭ്യമാണ്.

പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഉത്സവബത്ത

68 [2205] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീ. രാജു പോൾ:
ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:*

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഉത്സവകാലങ്ങളിൽ അനുവദിക്കുന്ന സഹായധനം ചില സ്ഥാപനങ്ങൾ അവ പൂട്ടിയ സമയത്ത് ഹാജർ പട്ടികയിൽ ഉണ്ടായിരുന്ന മുഴുവൻ തൊഴിലാളികൾക്കും അനുവദിക്കുന്നില്ലാ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥാപനം പൂട്ടിയിട്ട സമയത്ത് ഹാജർ പട്ടികയിൽ പേരുണ്ടായിരുന്ന എല്ലാ തൊഴിലാളികൾക്കും ഈ വരുന്ന ഓണക്കാലം മുതൽ ഉത്സവബത്ത നല്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കണ്ണൂർ തിരുവേപ്പതി കോട്ടൺസിൽ ഈ തീരുമാനം നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി). ഒരു വർഷക്കാലത്തിലധികമായി പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണം കണക്കാക്കി അതാത് ജില്ലാ ലേബർ ഓഫീസർമാർ നൽകുന്ന ലിസ്റ്റ് അനുസരിച്ചാണ് ഇവർക്ക് ആവശ്യമായ തുക അനുവദിച്ചു നൽകുന്നത്. ഈ വർഷവും അത് തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly